(സി) അശ്രദ്ധമായ ഡ്രൈവിംഗ് നടക്കുന്ന സാഹചര്യത്തിൽ കെ.എസ്. ആർ.ടി.സി. ഡ്രൈവർമാർ ഉൾപ്പെടെ എല്ലാ വിഭാഗം ഡ്രൈവർമാർക്കെതിരെയും ചെക്കിംഗും പരിശീലനവും അടക്കമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള 4,434 എണ്ണം ബസ്സുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ എടുത്തിട്ടുണ്ട്. ബാക്കിയുള്ള ബസ്സുകൾ പഴക്കമേറിയവയാണ്. അവമൂലം ഉണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് കോർപ്പറേഷൻ നേരിട്ടാണ്.

**എല്ലാ റൂട്ടുകളിലും വിദ്യാർത്ഥികൾക്ക് യാത്രാകൺസഷൻ**

340 (3632) ശ്രീ. റ്റി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ ഏതെല്ലാം റൂട്ടുകളിലാണ് കെ.എസ്.ആർ. ടി.സി. വിദ്യാർത്ഥികൾക്ക് യാത്ര കൺസെഷൻസ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമാകുന്ന രീതിയിൽ കെ.എസ്.ആർ. ടി.സി. സർവ്വീസ് നടത്തുന്ന എല്ലാ റൂട്ടുകളിലും വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ഓർഡിനറി സർവ്വീസ് കൂടുതലുള്ള തിരൂർ-മലപ്പുറം-മഞ്ചേരി, പെരിന്തൽമണ്ണ-വളാഞ്ചേരി, പൊന്നാനി-തിരൂർ എന്നീ റൂട്ടുകളിൽ നിലവിൽ കൺസെഷൻ ടിക്കറ്റ് വിതരണം നടത്തിവരുന്നുണ്ട്.

(ബി) കൂടുതൽ ഓർഡിനറി സർവ്വീസുകൾ പുതുതായി ആരംഭിച്ചാൽ മാത്രമേ കൂടുതൽ റൂട്ടുകളിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ ടിക്കറ്റ് അനുവദിക്കുവാൻ കഴിയുകയുള്ളൂ.

**സ്പെയർ പാർട്സുകൾ നശിച്ചതു സംബന്ധിച്ച വിജിലൻസ് അന്വേഷണം**

341 (3633) ശ്രീ. കോവിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-ഡിപ്പോകളിൽ സ്പെയർ പാർട്സുകൾ കെട്ടിക്കിടന്ന് നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ എത്ര രൂപയുടെ സ്പെയർ പാർട്സുകളാണ് നശിച്ചുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതു സംബന്ധമായി വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ സ്പെയർ പാർട്സുകൾ കെട്ടിക്കിടന്ന് നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാലഹരണപ്പെട്ട വാഹനങ്ങളുടെ കുറച്ച് സ്പെയർ പാർട്സുകൾ കാലാവധി എത്തിയതിനെത്തുടർന്ന് Scrap ചെയ്തതുമൂലം ഉപയോഗിക്കാൻ കഴിയാതെ ഇരിപ്പുണ്ട്. ഇത്തരത്തിൽ obsolete items കേന്ദ്ര പൊതുമേഖല സ്ഥാപനമായ M/s.MSTC Ltd. മുഖേന e-auction-ൽ കൂടി വിറ്റ് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) Obsolete items - വില നിശ്ചയിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(സി) ഇതു സംബന്ധമായി കെ.എസ്.ആർ.ടി.സി.യിൽ വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ട്. നിലവിൽ ഉപയോഗിക്കാൻ കഴിയാത്ത സ്പെയർ പാർട്സുകൾ കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഇതു സംബന്ധമായി അന്വേഷണ നടപടി ക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ.

**കെ.എസ്.ആർ.ടി.സി. കാഞ്ഞങ്ങാട്, കാസർഗോഡ് ഡിപ്പോകൾക്ക് അനുവദിച്ച പുതിയ ബസ്സുകൾ**

**342 (3634)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ഈ വർഷം എത്ര ബസുകളാണ് പുതിയതായി വാങ്ങിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) കാഞ്ഞങ്ങാട്, കാസർഗോഡ് ഡിപ്പോകൾക്കായി എത്ര പുതിയ ബസുകൾ അനുവദിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. 2014-ൽ പുതുതായി 10 വോൾവോ മൾട്ടി ആക്സിൽ ബസുകൾ വാങ്ങിയിട്ടുണ്ട്. 1500 ഷാസികൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പുതിയതായി കാസർഗോഡ് ഡിപ്പോയ്ക്ക് 35 ബസ്സും കാഞ്ഞങ്ങാട് ഡിപ്പോക്ക് 7 ബസ്സും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly